REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 16-02-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ശബരിമല യുവതീ പ്രവേശ വിധിയ്ക്കെതിരായ പുനഃപരിശോധനാ ഹർജികളിൽ സുപ്രീംകോടതിയുടെ ഒൻപതംഗ ബെഞ്ച് ഏപ്രിൽ ഏഴിന് വാദം കേൾക്കും.**
- **2026 ലെ ഇന്ത്യ-AI ഇംപാക്ട് ഉച്ചകോടി ന്യൂഡൽഹിയിൽ ആരംഭിച്ചു.**
- **370-ാം വകുപ്പ് റദ്ദാക്കിയ ശേഷം കശ്മീരിലും, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും മാവോയിസ്റ്റ് ബാധ്യതാ പ്രദേശങ്ങളിലും അക്രമങ്ങൾ 80 ശതമാനം കുറഞ്ഞെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ.**
- **2031 ഓടെ ലോകത്തെവിടെയും തൊഴിലെടുക്കാൻ പ്രാപ്തരായ യുവാക്കളെ കേരളം സജ്ജമാക്കുമെന്ന് മന്ത്രി V. ശിവൻകുട്ടി.**
- **ICC പുരുഷ ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാൻ - UAE മത്സരം പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

ശബരിമല യുവതീ പ്രവേശ വിധിയ്ക്കെതിരായ പുനഃപരിശോധനാ ഹർജികളിൽ സുപ്രീംകോടതിയുടെ ഒൻപതംഗ ബെഞ്ച് ഏപ്രിൽ ഏഴിന് വാദം കേൾക്കും. ഏപ്രിൽ 22 ന് വാദം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഒൻപതംഗ ബെഞ്ചിന്റെ ഘടന ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത് അഡ്മിനിസ്ട്രേറ്റീവ് ഉത്തരവിലൂടെ അറിയിക്കും. ചീഫ് ജസ്റ്റിസിനു പുറമെ ജസ്റ്റിസുമാരായ ജോയ് മല്യ ബാഗ്ചി, വിപുൽ M പഞ്ചോളി എന്നിവരടങ്ങിയ

ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. അടുത്ത മാസം 14 ന് മുമ്പ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് അറിയിക്കണമെന്നും സുപ്രീംകോടതി ആവശ്യപ്പെട്ടു.

ശബരിമല വിധി പുനഃപരിശോധനയെ പിന്തുണയ്ക്കുന്ന കക്ഷികൾക്ക് ഏപ്രിൽ 7 മുതൽ 9 വരെ വാദങ്ങൾ ഉന്നയിക്കാം. പുനഃപരിശോധനയെ എതിർക്കുന്ന കക്ഷികൾക്ക് ഏപ്രിൽ 14 മുതൽ 16 വരെ വാദത്തിന് സമയം നൽകിയിട്ടുണ്ട്.

✪✪✪

2026 ലെ ഇന്ത്യ-AI ഇംപാക്ട് ഉച്ചകോടി ന്യൂഡൽഹിയിൽ ആരംഭിച്ചു. വൈകിട്ട് അഞ്ചിന് ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകോടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളിൽ സംഘടിപ്പിക്കുന്ന പ്രഥമ ആഗോള AI ഉച്ചകോടിയാണിത്. ഉച്ചകോടിയുടെ ഭാഗമായി ഒരുക്കുന്ന AI ഇംപാക്ട് പ്രദർശനം, രാജ്യത്തെ നിർമിത ബുദ്ധിയുടെ പ്രായോഗിക പ്രവർത്തനങ്ങൾ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കും.

✪✪✪

ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിക്കായി ആഗോളതലത്തിൽ ജനങ്ങൾ ഇന്ത്യയിലേക്ക് വരുന്നത് അഭിമാനകരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലയിൽ രാജ്യം അതിവേഗം പുരോഗമിക്കുന്നതിന്റെയും, ആഗോള വികസനത്തിന് വഴിയൊരുക്കുന്നതിന്റെയും തെളിവാണ് ഈ അവസരമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുംബൈയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോണുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ഫ്രാൻസ് തന്ത്രപര പങ്കാളിത്തത്തിലെ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്യും. കൂടാതെ പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ ഇരുവരും കാഴ്ചപ്പാടുകൾ കൈമാറും. ന്യൂഡൽഹിയിൽ AI ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രിയുടെ ക്ഷണപ്രകാരമാണ് മൂന്നു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ഇമ്മാനുവൽ മക്രോൺ എത്തുന്നത്. മക്രോണിന്റെ നാലാമത്തെ ഇന്ത്യാ സന്ദർശനമാണിത്.

✪✪✪

370-ാം വകുപ്പ് റദ്ദാക്കിയ ശേഷം കശ്മീരിലും, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും മാവോയിസ്റ്റ് ബാധ്യതാ പ്രദേശങ്ങളിലും അക്രമങ്ങൾ 80 ശതമാനം കുറഞ്ഞെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു. ഡൽഹി

പൊലീസിന്റെ 79-ാം സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ പ്രദേശങ്ങൾ പൂർണമായും അക്രമ വിമുക്തമാകുന്ന ദിനം വിദൂരമല്ലെന്നും അദ്ദേഹം അറിയിച്ചു. 11 സംസ്ഥാനങ്ങളിൽ വ്യാപിച്ചു കിടക്കുന്ന മാവോയിസ്റ്റ് ഭീകരത രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് പ്രധാന വെല്ലുവിളിയാണെന്നും അമിത്ഷാ പറഞ്ഞു.

തലസ്ഥാന നഗരിയായ ഡൽഹിയിൽ പൊലീസ് സ്പെഷ്യൽ സെൽ ഇന്റഗ്രേറ്റഡ് ഹെഡ്ക്വാർട്ടേഴ്സിന് തറക്കല്ലിട്ടതായും അമിത്ഷാ അറിയിച്ചു. 345 കോടി രൂപ ചെലവിൽ നിർമ്മിച്ച ഈ പൊലീസ് ആസ്ഥാനം ഭീകരതയെയും, മയക്കുമരുന്നു കടത്തിനെയും ചെറുക്കുന്ന രാജ്യത്തെ നൂതന കേന്ദ്രങ്ങളിലൊന്നായി മാറുമെന്നും ആഭ്യന്തരമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും സഹകരണ മന്ത്രിമാരുടെ ഉന്നതതല യോഗം നാളെ ഗുജറാത്തിലെ ഗാന്ധിനഗറിൽ ചേരും. സഹകരണ മേഖലയിലെ പരിഷ്കാരങ്ങളും, വിപുലീകരണ പദ്ധതികളും അവലോകനം ചെയ്യുന്ന 'മന്ഥൻ ബൈഠ്'കിൽ കേന്ദ്രമന്ത്രി അമിത്ഷാ അധ്യക്ഷനാകും.

✪✪✪

കോട്ടയം മെഡിക്കൽ കോളേജിൽ 283 കോടി 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തുടക്കം കുറിക്കും. സർജിക്കൽ ബ്ലോക്ക്, കാത്ത്ലാബ്, സ്കിൻബാങ്ക്, മാതൃ- ശിശു പരിചരണ വിഭാഗം, ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ തുടങ്ങിയവ പദ്ധതികളിൽ ഉൾപ്പെടുന്നു.

കിഫ്ബിയിലൂടെ 257 കോടി രൂപ ചെലവഴിച്ചാണ്, സർജിക്കൽ ബ്ലോക്ക് സജ്ജമാക്കിയത്. സംസ്ഥാനത്തെ രണ്ടാമത്തെ സ്കിൻ ബാങ്കാണ് പ്രവർത്തനം ആരംഭിക്കുന്നത്.

✪✪✪

NDA സംസ്ഥാന നേതൃത്വ ക്യാമ്പ് കൊച്ചി കളമശ്ശേരിയിൽ തുടങ്ങി. NDA സംസ്ഥാന ചെയർമാൻ രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന്റെ സ്ഥാനാർത്ഥി നിർണയം, തിരഞ്ഞെടുപ്പ് പ്രചാരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യാൻ KPCC നേതൃയോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. KPCC വർക്കിംഗ് കമ്മിറ്റി അംഗങ്ങളും

രാഷ്ട്രീയകാര്യ സമിതി അംഗങ്ങളും, MP മാരും, MLA മാരുമാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്നും നാളെയും പാലക്കാട് ജില്ലയിൽ പര്യടനം നടത്തും. രാവിലെ ജില്ലാ അതിർത്തിയായ നീലിയാട് യാത്രക്ക് സ്വീകരണം നൽകി.

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന LDF വികസന മുന്നേറ്റ വടക്കൻ മേഖലാ ജാഥ തരൂരിൽ ഇന്ന് സമാപിക്കും.

✪✪✪

അഞ്ച് വർഷം കൊണ്ട് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കേരളം തുടർച്ചയായി റെക്കോഡ് ഭേദിച്ചെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കഴിഞ്ഞ വർഷത്തെ കണക്കു പ്രകാരം രണ്ട് കോടി 58 ലക്ഷത്തി 80,365 സഞ്ചാരികൾ സംസ്ഥാനത്തെത്തി. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിലും വലിയ കുതിപ്പുണ്ടായതായി മന്ത്രി കോഴിക്കോട്ട് പറഞ്ഞു.

✪✪✪

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ പ്രാദേശിക മാധ്യമപ്രവർത്തകർക്ക് സംഘടിപ്പിക്കുന്ന ശില്പശാല 'വാർത്താലാപ്' ന് നാളെ ഇടുക്കി കുമളിയിൽ തുടക്കമാകും. PIB അഡീഷണൽ ഡയറക്ടർജനറൽ V പളനിച്ചാമി രാവിലെ ശില്പശാല ഉദ്ഘാടനം ചെയ്യും. വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ് നയിക്കും.

✪✪✪

2031 ഓടെ ലോകത്തെവിടെയും തൊഴിലെടുക്കാൻ പ്രാപ്തരായ യുവാക്കളെ കേരളം സജ്ജമാക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. വിഷൻ 2031 തൊഴിൽ വകുപ്പ് സെമിനാർ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 2031 ഓടെ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഇരട്ടി ആക്കുമെന്നും, അതിഥി തൊഴിലാളികൾക്കായി ആവാസ് ഇൻഷുറൻസും, കവച് ലഹരിവിരുദ്ധ പദ്ധതിയും നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഡിജിറ്റൽ കേരളമെന്ന സ്വപ്നം തൊഴിൽ വകുപ്പിലും യാഥാർഥ്യമാക്കിയതായും, 2031 ഓടെ ലോകത്തിനു മാതൃകയാകുന്ന തരത്തിൽ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന മ്യൂസിയം വകുപ്പ് കണ്ണൂർ പെരളശ്ശേരിയിൽ ആരംഭിക്കുന്ന AKG മ്യൂസിയത്തിന്റെ നിർമാണം പൂർത്തിയായി. നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ മ്യൂസിയം നാടിന് സമർപ്പിക്കും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

....(വോയ്സ്)..........

✪✪✪

സംസ്ഥാനത്ത് SSLC മോഡൽ പരീക്ഷയ്ക്ക് തുടക്കമായി. രാവിലെയും ഉച്ചയ്ക്കുമായാണ് പരീക്ഷ. ഈ മാസം 20 ന് മോഡൽ പരീക്ഷ അവസാനിക്കും. പത്താം ക്ലാസ് പൊതു പരീക്ഷ മാർച്ച് അഞ്ചിന് ആരംഭിച്ച് 30 ന് അവസാനിക്കും.

✪✪✪

റംസാൻ വ്രതാരംഭവുമായി ബന്ധപ്പെട്ട് വിവിധ ജമാ അത്തുകളിലെ ഇമാമുമാരുടെയും മഹല്ല് ഭാരവാഹികളുടെയും യോഗം നാളെ വൈകിട്ട് തിരുവനന്തപുരത്ത് ചേരും. പാളയം ജുമാ മസ്ജിദിലാണ് യോഗം. വ്രതാരംഭവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ യോഗത്തിൽ കൈക്കൊള്ളുമെന്ന് പാളയം ഇമാം ഡോക്ടർ.V.P ശുഹൈബ് മൗലവി അറിയിച്ചു.

✪✪✪

ഡൽഹിയിൽ ICC പുരുഷ ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് D മത്സരത്തിൽ, അഫ്ഗാനിസ്ഥാൻ - UAE മത്സരം പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ UAE 16 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 122 റൺസ് എടുത്തിട്ടുണ്ട്.

കൊൽക്കത്തയിലെ ഗ്രൂപ്പ് C മത്സരത്തിൽ, വൈകീട്ട് മൂന്നിന് ഇംഗ്ലണ്ട്, ഇറ്റലിയെ നേരിടും. വൈകിട്ട് ഏഴിന് പല്ലെക്കലെയിൽ, ഓസ്ട്രേലിയ, ശ്രീലങ്കയുമായി ഏറ്റുമുട്ടും.

✪✪✪

ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ, 2025 - 26 ലെ ഇന്ത്യൻ ഫുട്ബോൾ ലീഗ് സീസൺ മത്സരക്രമം പ്രഖ്യാപിച്ചു. ഈ മാസം 27 ന് ആരംഭിക്കുന്ന ലീഗിൽ, 10 ടീമുകൾ മാറ്റുരയ്ക്കും. ഉദ്ഘാടന മത്സരത്തിൽ, ഗോകുലം കേരള FC, ചൻമാരി FC യെയും, നാംധാരി FC, ഐസ്വാൾ FC-യെയും നേരിടും.

✪✪✪

മാഹിയിൽ അഖിലേന്ത്യാ സെവൻസ് ഫുട്ബാൾ ടൂർണ്ണമെന്റ് ഫൈനലിൽ വൈകീട്ട് 7:30 ന് അഭിലാഷ് FC  കുപ്പോത്ത്, ഷൂട്ടേഴ്സ് പടന്നയെ നേരിടും. സെമിഫൈനലിൽ   ഷൂട്ടേഴ്സ് പടന്ന, ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് FC നെല്ലിക്കുത്തിനെ പരാജയപ്പെടുത്തി.

✪✪✪

ഡോ. APJ അബ്ദുൽ കലാം ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ, എട്ടാമത് ഇന്റർ കോളേജിയേറ്റ് അത്‌ലറ്റിക് മീറ്റിന് നാളെ തുടക്കമാവും. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും, യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലുമായി 80 കോളേജുകളിൽ നിന്ന് 1,700 കായിക താരങ്ങൾ പങ്കെടുക്കും.

നാളെ വൈകിട്ട് സർവകലാശാല വൈസ് ചാൻസലർ ഡോ. സിസാ തോമസ് ഉദ്ഘാടനം ചെയ്യുന്ന മീറ്റ് മറ്റന്നാൾ   സമാപിക്കും.

✪✪✪

കണ്ണൂർ കതിരൂരിനടുത്ത്   മൂന്നാം മൈലിൽ   പുലർച്ച ഓട്ടോറിക്ഷ നിയന്ത്രണം വിട്ട് മറിഞ്ഞ്  മത്സ്യകച്ചവടക്കാരൻ മരിച്ചു. കൂത്തുപറമ്പ് നരവൂർ സ്വദേശി എൻ.പ്രദീപൻ ആണ് മരിച്ചത്.

തലശ്ശേരി മാർക്കറ്റിൽ നിന്നും   ഓട്ടോയിൽ   മത്സ്യവുമായി പോകുന്നതിനിടെ പന്നി കുറുകേ  ചാടിയപ്പോഴാണ് ഓട്ടോറിക്ഷ നിയന്ത്രണം വിട്ടതെന്ന് പോലീസ് അറിയിച്ചു

✪✪✪

കോഴിക്കോട് തോട്ടുമുക്കത്ത് നിയന്ത്രണം വിട്ട സ്കൂട്ടർ ഇലക്ട്രിക്ക് പോസ്റ്റിലിടിച്ച് രണ്ടു യുവാക്കൾ മരിച്ചു. കൂമ്പാറ സ്വദേശി ബിജു, തോട്ടുമുക്കം സ്വദേശി സിജോ എന്നിവരാണ് മരിച്ചത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 960 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 14,720 ലെത്തി. 14,320 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കുംഭമാസ പൂജകൾ പൂർത്തിയാക്കി ശബരിമല നട നാളെ രാത്രി 10 ന് അടയ്ക്കും. ഇന്ന് വൈകിട്ടാണ് സഹസ്രകലശ പൂജ. സന്നിധാനത്ത് വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

✪✪✪

സാംസ്കാരിക വകുപ്പിന്റെയും കേരള ഫോക്ക്‌ലോർ അക്കാദമിയുടെയും നേതൃത്വത്തിൽ ഏഴ് ദിവസത്തെ പൊന്ന്യത്തങ്കത്തിന് ഇന്ന് കണ്ണൂരിൽ തുടക്കമാകും. കതിരൂർ പൊന്ന്യം ഏഴരക്കണ്ടത്തിൽ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്തെ ഗവണ്മെന്റ് മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ അനിശ്ചിതകാല OP ബഹിഷ്കരണവും അധ്യാപന ബഹിഷ്കരണവും ആരംഭിച്ചു. ശമ്പള പരിഷ്കരണ കുടിശ്ശിക ഉടൻ വിതരണം ചെയ്യുക, ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. എല്ലാ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിലും ഇന്ന് പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചിട്ടുണ്ട്.

അവശ്യ ആരോഗ്യ സേവനങ്ങളായ കാഷ്വാലിറ്റി, ലേബർ റൂം, ICU, IP ചികിത്സ, അടിയന്തര ചികിത്സകൾ, അടിയന്തര ശസ്ത്രക്രിയകൾ, പോസ്റ്റ്മോർട്ടം പരിശോധന എന്നിവയെ പ്രതിഷേധ പരിപാടികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സമരത്തിന്റെ ഭാഗമായി ഈ മാസം 19 മുതൽ അടിയന്തരമല്ലാത്ത ശസ്ത്രക്രിയകളും ബഹിഷ്കരിക്കും.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: സബിത, അനുഷ ആത്മപ്രകാശ്, രാജേഷ്*
*DEO : ഷീബ*